ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 01.08.2026 TIME : 12.50 PM

## പ്രധാന വാർത്തകൾ

1. പൊതു പരീക്ഷാ ഭേദഗതി ബില്ലിന് രാഷ്ട്രപതി ദ്രൗപതി മുർമു അംഗീകാരം നൽകി.

   **President Droupadi Murmu has given assent to the Public Examinations (Prevention of Unfair Means) Amendment Bill, 2026.**

2. ആന്ധ്രാപ്രദേശിലെ അല്ലൂരി സീതാരാമ രാജു അന്താരാഷ്ട്ര വിമാനത്താവളം പ്രധാനമന്ത്രി നരേന്ദ്ര മോദി രാഷ്ട്രത്തിന് സമർപ്പിച്ചു. 18,000 കോടി രൂപയുടെ വികസന പദ്ധതികൾക്കും തുടക്കം കുറിക്കും.

   **Prime Minister Narendra Modi dedicated the Alluri Sitarama Raju International Airport in Andhra Pradesh. He will also launch development projects worth ₹18,000 crore.**

3. രാജ്യത്ത് ലഹരിക്കെതിരെ യുവജനങ്ങളെ അണിനിരത്തുന്ന നശാ മുക്ത് പ്രചാരണ പരിപാടിക്ക് നാളെ തുടക്കമാകും.

   **The Nasha Mukt Youth Campaign, aimed at mobilising young people against drug abuse across the country, will be launched tomorrow.**

4. കേരളത്തിൽ അതിശക്തമായ മഴ. 9 ജില്ലകളിൽ ചുവപ്പ് ജാഗ്രത. മഴക്കെടുതികളിൽ മൂന്ന് മരണം. അതീവ ജാഗ്രത പാലിക്കണമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി.

   **Heavy to extremely heavy rainfall continues in Keralam. Red alert has been issued in nine districts. Three casualities in rain-related incidents. The State Disaster Management Authority has urged the public to exercise utmost caution.**

5. ആക്രമണമുണ്ടായാൽ ഇസ്രായേലിനും അമേരിക്കൻ ഊർജ്ജ കേന്ദ്രങ്ങൾക്കും നേരെ തിരിച്ചടിക്കുമെന്ന് ഇറാൻ.

**Iran has warned that it is ready to strike key Israeli infrastructure and American energy facilities across the West Asia if it comes under attack.**

6. കോമൺവെൽത്ത് ഗെയിംസിൽ 5 സ്വർണ്ണം ഉൾപ്പെടെ 23 മെഡലുകളുമായി ഇന്ത്യ മുന്നേറ്റം തുടരുന്നു.

**India continues its impressive run at the Commonwealth Games, with a total of 23 medals, including five golds.**

**&&&&&&&&&&&&&&&&&**

**PRESIDENT, AMENDMENT BILL**

പൊതു പരീക്ഷാ ഭേദഗതി ബില്ലിന് രാഷ്ട്രപതി ദ്രൗപതി മുർമു അംഗീകാരം നൽകി. പാർലമെൻറ് വ്യാഴാഴ്ചയാണ് ബിൽ പാസാക്കിയത്. കർശനമായ ശിക്ഷാ നടപടികൾ ഏർപ്പെടുത്തുന്നതിലൂടെയും ഫാസ്റ്റ് ട്രാക്ക് കോടതികൾ സ്ഥാപിക്കുന്നതിലൂടെയും പൊതു പരീക്ഷകളിലെ ക്രമക്കേടുകൾ തടയുക എന്നതാണ് ലക്ഷ്യമിടുന്നത്. പത്ത് വർഷം വരെ തടവ്, പത്ത് കോടി രൂപ വരെ പിഴ, ശിക്ഷിക്കപ്പെട്ടവരുടെ സ്വത്തുക്കൾ കണ്ടുകെട്ടൽ തുടങ്ങിയ നിരവധി പ്രധാന വ്യവസ്ഥകൾ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട് .

**&&&&&&&&&&&&&&&&&**

**PM - ANDHRA**

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ആന്ധ്രാപ്രദേശ്, കർണാടക സന്ദർശനത്തിന് തുടക്കമായി. ആന്ധ്രാപ്രദേശിലെ അല്ലൂരി സീതാരാമ രാജു അന്താരാഷ്ട്ര വിമാനത്താവളം പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു. 18,000 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾക്കും അദ്ദേഹം തുടക്കം കുറിക്കും. തുടർന്ന് കർണാടകയിലെത്തുന്ന പ്രധാനമന്ത്രി മൈസുരുവിൽ സ്വാമി വിവേകാനന്ദ യുവജന സാംസ്കാരിക കേന്ദ്രം ഉദ്ഘാടനം ചെയ്യും.

**&&&&&&&&&&&&&&&&&**

**RAIN KERALAM**

കേരളത്തിൽ അതിശക്തമായ മഴ. 9 ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. ലക്ഷദ്വീപിൽ ഓറഞ്ച് ജാഗ്രതയാണ്. മഴക്കെടുതികളിൽ കോട്ടയത്ത് രണ്ട് മരണവും ഇടുക്കിയിൽ ഒരു മരണവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മഴ തുടരുന്ന സാഹചര്യത്തിൽ പൊതുജനങ്ങൾ അതീവ ജാഗ്രത പാലിക്കണമെന്ന് ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചു. മോശം കാലാവസ്ഥയെ തുടർന്ന് കേരളം - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്കും ഏർപ്പെടുത്തിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

**KANNUR - RAIN (INTRO)**

ചുവപ്പ് ജാഗ്രത നിലനിൽക്കുന്ന കണ്ണൂർ ജില്ലയിൽ കനത്ത മഴ തുടരുന്നു. മലയോര മേഖലയിൽ അതിശക്തമായ മഴയാണ് പെയ്യുന്നത്. ഇന്ന് രാവിലെ മുതലാണ് ജില്ലയിൽ വ്യാപകമായ മഴ ലഭിച്ചു തുടങ്ങിയത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ....**

(വോയ്സ്)

&&&&&&&&&&&&&&&&&&

**PALAKKAD RAIN (INTRO)**

പാലക്കാട് ജില്ലയിലും മഴ ശക്തമായതിനെ തുടർന്ന് മലയോര മേഖലയിൽ സഞ്ചാരികൾക്ക് യാത്രാ നിയന്ത്രണം ഏർപ്പെടുത്തി. നീരൊഴുക്ക് വർദ്ധിച്ചതിനെ തുടർന്ന് മംഗലം ഡാമിന്റെ ഷട്ടറുകൾ ഉയർത്തി.

**വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്....**

(വോയ്സ്)

&&&&&&&&&&&&&&&&&&

**RAIN - CM**

സംസ്ഥാനത്ത് ശക്തമായ മഴയിൽ പലയിടത്തും മണ്ണിടിച്ചിലും ഉരുൾപൊട്ടലും റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ നടപടികൾ ഏകോപിപ്പിച്ചതായി മുഖ്യമന്ത്രി വി ഡി സതീശൻ. റവന്യൂ മന്ത്രി,

ചീഫ് സെക്രട്ടറി, ജില്ലാ കളക്ടർമാർ എന്നിവരുമായി അദ്ദേഹം ഫോണിൽ സംസാരിച്ചു. ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന ചുമതല റവന്യൂ മന്ത്രിക്കാണ്. ഏത് സാഹചര്യവും നേരിടാൻ എൻ.ഡി.ആർ.എഫ്, പൊലീസ് ഉൾപ്പെടെയുള്ളവർ സജ്ജമാണെന്നും മുഖ്യമന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&&

**REVENUE MINISTER - RAIN**

നിലവിൽ സ്ഥിതിഗതികൾ നിയന്ത്രണവിധേയമാണെന്നും തെക്കൻ ജില്ലകളിൽ മഴയുടെ ശക്തി കുറയുമെന്നാണ് റിപ്പോർട്ടെന്നും റവന്യൂ മന്ത്രി എ പി അനിൽകുമാർ. കോട്ടയം, ഇടുക്കി, ആലപ്പുഴ, പത്തനംതിട്ട, തിരുവനന്തപുരം ജില്ലകളിൽ ദുരിതാശ്വാസ ക്യാമ്പുകൾ ആരംഭിച്ചു. സംസ്ഥാനത്ത് ഇതുവരെ 10 ഡാമുകൾ തുറന്നിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&&

**TRAWLING**

സംസ്ഥാനത്ത് ട്രോളിങ്ങ് നിരോധനത്തിനുശേഷമുള്ള ആദ്യദിനം മത്സ്യബന്ധനമേഖയ്ക്ക് നിരാശ. മോശം കാലാവസ്ഥ തിരിച്ചടിയായി. കാലാവസ്ഥാമുന്നറിയിപ്പ് കണക്കിലെടുത്ത് ഭൂരിഭാഗം ബോട്ടുകളും കടലിൽ പോയില്ല. 52 ദിവസത്തെ കാത്തിരിപ്പിനുശേഷം സീസണിൻ്റെ ആദ്യദിനത്തിൽ ലേല വിളി ഉയരേണ്ട ഹാർബർ പരിസരം ശൂന്യമാണ്.

&&&&&&&&&&&&&&&&&

**ODISHA-FLOOD**

ഒഡീഷയിൽ പ്രളയക്കെടുത്തി രൂക്ഷമായി തുടരുന്നു. നൂറുകണക്കിന് ഗ്രാമങ്ങളിൽ ശക്തമായ വെള്ളക്കെട്ടാണ് അനുഭവപ്പെടുന്നത്. പ്രളയബാധിത പ്രദേശങ്ങളിലെ സ്ഥിതിഗതികൾ മുഖ്യമന്ത്രി മോഹൻ ചരൺ മാഞ്ചി വ്യോമ നിരീക്ഷണം നടത്തി ഇന്ന് വിലയിരുത്തും. രക്ഷാദുരിതാശ്വാസ പ്രവർത്തനങ്ങളുടെ പുരോഗതിയും അദ്ദേഹം മുതിർന്ന ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്യും. ഹിരാകുഡ് അണക്കെട്ടിലേയും മിക്ക നദികളിലേയും ജലനിരപ്പ് ഉയരുകയാണ്.

&&&&&&&&&&&&&&&&&

**PM - YOUTH**

വഴിതെറ്റിപ്പോയ യുവാക്കളെ ശിക്ഷിക്കുന്നതിന് പകരം, രാഷ്ട്ര നിർമ്മാണത്തിന്റെയും ദേശീയ താൽപര്യത്തിന്റെയും അടിസ്ഥാനത്തിൽ ശരിയായ പാതയിലേക്ക് നയിക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഡൽഹി ജന്തർ മന്തറിൽ തനിക്കെതിരെയും അന്തരിച്ച തന്റെ മാതാവിനെതിരെയും അധിക്ഷേപകരമായ ഭാഷ പ്രയോഗിച്ചതിനെക്കുറിച്ച് പ്രതികരിക്കുകയായിരുന്നു അദ്ദേഹം. വിഷയത്തിൽ ഉൾപ്പെട്ട കുട്ടികളോട് താൻ ക്ഷമിക്കുകയാണെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&

**GOVT-META SUMMON**

ചോദ്യ പേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഫേസ്ബുക്ക് പോസ്റ്റ് നിയന്ത്രിച്ച വിഷയത്തിൽ സമൂഹ മാധ്യമ കമ്പനിയായ മെറ്റയുടെ ഉന്നത ഉദ്യോഗസ്ഥരെ ചോദ്യം ചെയ്യും. അൽഗോരിതത്തിന്റെ പ്രവർത്തന രീതിയെ സംബന്ധിച്ചും, ക്രമസമാധാന പാലനത്തിൽ കമ്പനി യുടെ പങ്കിനെപറ്റിയും ചോദ്യം ചെയ്യൽ ഉണ്ടാകുമെന്ന് ഔദ്യോഗിക വൃത്ത ങ്ങൾ അറിയിച്ചു. സാങ്കേതിക തകരാറാണ് സംഭവത്തിന് കാരണമെന്ന് മെറ്റ അറിയിക്കുകയും ക്ഷമാപണം നടത്തുകയും ചെയ്തിരുന്നു. എന്നാൽ കേന്ദ്ര ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയം ആ വിശദീകരണം അപര്യാപ്തമാണെന്ന് കണ്ടെത്തുകയായിരുന്നു.

&&&&&&&&&&&&&&&&&

**NASHA MUKTA YUVA (INTRO)**

ലഹരി ഉപയോഗത്തിനെതിരെ യുവജനങ്ങളെ അണിനിരത്തുന്നതിനായി നശാ മുക്ത് യുവ ഫോർ വികസിത് ഭാരത് സങ്കൽപ് അഭിയാന് പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ തുടക്കം കുറിക്കും. മൈ ഭാരതിലൂടെ ക്യാമ്പയിൻറെ ഭാഗമാകുന്ന യുവജനങ്ങൾ നശാ മുക്തി പ്രതിജ്ഞ ഏറ്റുചൊല്ലും. പരിപാടിയെക്കുറിച്ച് മൈ ഭാരത് സ്റ്റേറ്റ് ഡയറക്ടർ അഭയ് ശങ്കർ എസ്.ആർ ആകാശവാണി വാർത്തകളോട്...

(ഹോൾഡ്)

&&&&&&&&&&&&&&&&&

## NT. CWG MEDALS

കോമൺവെൽത്ത് ഗെയിംസിൽ 5 സ്വർണവും 12 വെള്ളിയും 6 വെങ്കലവുമുൾപ്പെടെ 23 മെഡലുകളുമായി ഇന്ത്യ മുന്നേറ്റം തുടരുന്നു. ജൂഡോയിൽ ഇന്നലെ ഇന്ത്യക്ക് ആദ്യ സ്വർണ്ണം നേടാനായി. അസ്മിത ഡേ, ഹർഷ് സിംഗ് എന്നിവരാണ് ജൂഡോയിൽ സ്വർണം നേടിയത്. ജാവലിൻ ത്രോയിൽ ഇരട്ട നേട്ടവും ഇന്ത്യക്ക് മുതൽക്കൂട്ടായി. ജാവലിൻ ത്രോയിൽ നീരജ് ചോപ്ര വെള്ളിയും, യശ്വീർ സിംഗ് വെങ്കലവും നേടി. തേജസ്വിൻ ശങ്കർ ഡെക്കാത്ലണിൽ വെങ്കലം നേടുന്ന ആദ്യ ഇന്ത്യക്കാരനായി. പോയിന്റ് പട്ടികയിൽ ഇന്ത്യ നിലവിൽ പത്താം സ്ഥാനത്താണ്.

&&&&&&&&&&&&&&&&&

## IRAN WARNS US

ആക്രമണമുണ്ടായാൽ ഇസ്രായേലിനും അമേരിക്കൻ ഊർജ്ജ കേന്ദ്രങ്ങൾക്കും നേരെ തിരിച്ചടിക്കുമെന്ന് ഇറാൻ. ഏറ്റുമുട്ടലിന് സജ്ജമാണെന്ന് മുതിർന്ന ഇറാനിയൻ സുരക്ഷാ ഉദ്യോഗസ്ഥനെ ഉദ്ധരിച്ച് ഇറാനിയൻ മാധ്യമം പ്രതികരിച്ചു . ഇറാൻ കേന്ദ്രങ്ങൾക്ക് നേരെ ആക്രമണം നടത്താൻ യു എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് സൈന്യത്തിന് നിർദേശം നല്കിയ പശ്ചാത്തലത്തിലാണ് ഇറാന്റെ പ്രതികരണം.

&&&&&&&&&&&&&&&&&

## WORLD BREASTFEEDING WEEK

ലോക മുലയൂട്ടൽ വാരാചരണത്തിന് ഇന്ന് തുടക്കം. കേന്ദ്ര വനിതാ ശിശുവികസന മന്ത്രാലയത്തിൻറെ നേതൃത്വത്തിലാണ് രാജ്യവ്യാപക വാരാചരണം. ശിശുക്കളുടെ ആരോഗ്യ പരിപാലനത്തിൽ മുലയൂട്ടലിനുള്ള പ്രാധാന്യത്തെക്കുറിച്ച് അറിവ് പകരുന്നത് ലക്ഷ്യമിട്ടാണ് വാരാചരണം. എല്ലാ അമ്മമാർക്കും മുലയൂട്ടാനുള്ള സാഹചര്യം ഒരുക്കാൻ ആരോഗ്യ പ്രവർത്തകരും സമൂഹവും മുന്നോട്ട് വരണമെന്നും മന്ത്രാലയം ആവശ്യപ്പെട്ടു.

&&&&&&&&&&&&&&&&&

## BORDER TRADE

ഇന്ത്യയും ചൈനയും തമ്മിലുള്ള പ്രധാന അതിർത്തി വ്യാപാര പാതയായ സിക്കിമിലെ നാഥു ലാ ചുരം വഴിയുള്ള വാണിജ്യ

ബന്ധം ഇന്ന് പുനരാരംഭിക്കുന്നു. കോവിഡ് മഹാമാരിയെ തുടർന്ന് 2020-ൽ നിർത്തിവെച്ച വ്യാപാരം ആറ് വർഷത്തെ ഇടവേളയ്ക്ക് ശേഷമാണ് വീണ്ടും സജീവമാകുന്നത്. അതിർത്തി വ്യാപാരം പുനഃരാരംഭിക്കുന്നത് അംഗീകൃത വ്യാപാരികൾ, തൊഴിലാളികൾ എന്നിവർക്ക് ഏറെ ഗുണകരമാകും.

**&&&&&&&&&&&&&&&&&**

**PM-UK PM**

യുകെ പ്രധാനമന്ത്രിയായി ചുമതലയേറ്റ ആൻഡി ബർണമുമായി  പ്രധാനമന്ത്രി നരേന്ദ്ര മോദി ടെലിഫോണിൽ സംസാരിക്കുകയും, അഭിനന്ദനം അറിയിക്കുകയും ചെയ്തു. സാങ്കേതികവിദ്യ, നവീകരണം, പ്രതിരോധം, സുരക്ഷ, ശുദ്ധ ഊർജ്ജം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ സഹകരിച്ച് പ്രവർത്തിക്കാനും, ഇന്ത്യ യുകെ സമഗ്ര തന്ത്രപ്രധാന പങ്കാളിത്തത്തെ പുതിയ ഉയരങ്ങളിലെത്തിക്കാനും ഇരുവരും തീരുമാനിച്ചതായി സമൂഹമാധ്യമത്തിൽ പങ്കുവെച്ച കുറിപ്പിൽ പ്രധാനമന്ത്രി വ്യക്തമാക്കി.

**&&&&&&&&&&&&&&&&&**

**SHAH-TILAK**

സ്വാതന്ത്ര്യസമര സേനാനി ലോക്മാന്യ ബാലഗംഗാധര തിലകൻറെ ചരമവാർഷികത്തിൽ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ആദരാഞ്ജലികൾ അർപ്പിച്ചു. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന് പുതിയ ദിശാബോധം നൽകിയ  മുൻനിര നായകന്മാരിൽ ഒരാളായിരുന്നു അദ്ദേഹമെന്ന് ശ്രീ.അമിത് ഷാ സമൂഹ മാധ്യമത്തിൽ കുറിച്ചു.

**&&&&&&&&&&&&&&&&**

**&&&&&&&&&&&&&**

**&&&&&&&&&&**